'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വെട്ടൂർ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL-16 F4075 നമ്പർ വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.1816/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/08/2019

പരാമർശം:- 1 06/09/2012 ലെ സ.ഉ(സാധാ)2528/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 17/07/2019 ലെ PAN/8694/2019-GDP) നമ്പർ കത്ത്.

3 28.4.2014-ലെ Circular No.468/C2/2014/PWD

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-16 F4075 നമ്പർ ബോലേറോ ജീപ്പ് ഉപയോഗശൂന്യമായതിനാൽ ടി വാഹനം കണ്ടം ചെയ്യുന്നതിനും പുതിയ വാഹനം വാങ്ങുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള വെട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 സർക്കുലറിന്റെ അടിസ്ഥാനത്തിൽ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-16 F4075 നമ്പർ ബോലേറോ ജീപ്പ് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ചിട്ടുള്ള മതിപ്പുവിലയായ 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയിൽ കുറയാതെ പൊതു ലേലത്തിലൂടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് കണ്ടം ചെയ്യുന്നതിനും 10ലക്ഷം (പത്ത് ലക്ഷം )രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് GeM മുഖേന പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

File No.LSGD-DB3/140/2019-LSGD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്